പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 27/02/2018 ൽ

നിയമസഭാ ചോദ്യം നമ്പർ *46 — മറുപടിക്ക്

## പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ കാലയളവിൽ പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണം എത്രത്തോളം നടന്നുവെന്ന് വിശദമാക്കുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന്റെ ഭാഗമായി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിച്ചുകൊണ്ട് സ്ഥാപനങ്ങളെ കൂടുതൽ മത്സര ക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.<br>ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനിക വൽക്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ |

സ്വീകരിച്ചുകഴിഞ്ഞു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകി വരുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം അധിക ധനസഹായമായി 13 കോടിരൂപയും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.

ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം റിയാബ് മുഖേന എല്ലാ മാസവും

അവലോകനം ചെയ്തുവരുന്നു. കൂടാതെ സർക്കാർ തലത്തിൽ പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥാപനങ്ങളിലേയ്ക്കും പകർന്നു നൽകുവാനും വളരെയധികം സാധിച്ചിട്ടുണ്ട്.

കൃത്യതയോടെയുള്ള പ്രവർത്തന അവലോകനത്തിൻെറ ഫലമായി വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും അതുവഴി ലാഭം വർദ്ധിപ്പിച്ച് നഷ്ടം കുറച്ചുകൊണ്ടു വരുന്നതിനും സാധിച്ചു.

2016-17 സാമ്പത്തിക വർഷാവസാനം പ്രവർത്തനാവലോകനത്തിനായി പരിഗണിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTPL, TCCL, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടിരൂപയിൽ നിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം മൂന്നാം പാദത്തിലെ (ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ) ആഡിറ്റിനുമുൻപുള്ള

| | | | |
|---|---|---|---|
| | | | പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.30 കോടിരൂപയാണ്. |
| ബി) | ഹിന്ദുസ്ഥാൻ ലാറ്റക്സ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഹാക്ക് എന്നിവ വിൽക്കുന്ന കേന്ദ്രനയം സംസ്ഥാനത്തിന്റെ താല്പര്യങ്ങളെ ഹാനികരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | ബി) | കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ തീരുമാനം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനെയും അതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള മാറ്റം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്കും കൂടുതൽ വൈദഗ്ദ്ധ്യമുള്ള മേഖലകളിലെ തൊഴിൽ ലഭ്യതയുടെ വളർച്ചയ്ക്കും വിലങ്ങുതടിയാകും. കൂടാതെ രാജ്യത്തെ പൊതു ആസ്തികൾ അന്യാധീനപ്പെട്ടു പോകുന്നതിനും ഇടയാകും. |
| സി) | ഇത്തരത്തിൽ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ? | സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ നടപടികൾക്കെതിരെ അതാത് സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്നാവശ്യപ്പെട്ട് 2017 മാർച്ച് 13 |

ന് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കി അത് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തിട്ടുണ്ട്. പാലക്കാട്ടെ കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കാസർഗോട്ടെ BHEL-EML എന്നിവയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ